T61
R14

# കവിതാമഞ്ജരി.

പുലിയന്നൂർ എസ്. രാമയ്യർ.

# കവിതാമഞ്ജരി.

(പ്രഥമഭാഗം)

ഗ്രന്ഥകർത്താ,

വലിയന്നൂർ എസ് രാമയ്യർ:

:o:

പ്രസാധകൻ,

ബ്രഹ്മശ്രീ തുരുത്തിപ്പിള്ളി ജയന്തൻ നമ്പൂരി

എം. എൽ. ഏ

പകർപ്പവകാശം ഗ്രന്ഥകർത്താവിന്ന്.

കാപ്പി 1000.

S. R. V. Press, Quilon. വില അണ 4

1110

എല്ലാപ്രതികളിലും ഗ്രന്ഥകാരന്റെ അടയാളമോ മുദ്രയോ ഉണ്ടായിരിക്കും.

DHARMARAM COLLEGE LIBRARY, BANGALORE.

CANCELLED

T6
R14



S. RAMA IYER.

S. B. SCHOLASTICATE, CHANGANACHERRY, CHETHIPUZHAI.

# പ്രസ്താവന.

ഞാൻ ഓരോകാലങ്ങളിൽ എഴുതിയിട്ടുള്ള ഏതാനും ചെറുകൃതികൾ ചില ആത്മസുഹൃത്തുക്കളുടെ പ്രേരണയനുസരിച്ചു് 'കവിതാമഞ്ജരി' എന്ന നാമധേയത്തിൽ ഇതാ സഹൃദയസമക്ഷം പുസ്തകരൂപത്തിൽ പ്രദർശിപ്പിച്ചുകൊള്ളുന്നു. ഇതിൻെറ അനന്തരഭാഗങ്ങളും യഥാക്രമം പ്രസിദ്ധപ്പെടുത്തണമെന്നു വിചാരിക്കുന്നും ഉണ്ടു്. ഈ പ്രസിദ്ധീകരണത്തെപ്പററി ഇതിൽ കൂടുതലായൊന്നും ഇപ്പോൾ പ്രസ്താവിക്കുന്നില്ല.

വളരെക്കാലമായി ഭാഷാഭഗവതിയെ പലപ്രകാരത്തിലും ആരാധിച്ചു കൈരളീഭക്തന്മാരുടെ ആദരവിനും ആരാധനയ്ക്കും സവിശേഷം പാത്രവാനായി പ്രശോഭിക്കുന്ന ഇതിൻെറ അവതാരികാകാരൻ ബ്രഹ്മശ്രീ സി. എസ്. സുബ്രഹ്മണ്യൻപോററി അവർകൾ എം. ഏ.-യോടു് എനിക്കുള്ള ആധമർണ്യം വക്തവ്യമല്ല. കൃത്യാന്തരപരതന്ത്രനായ അദ്ദേഹം അസ്മാദൃശന്മാരുടെ അഭിവൃദ്ധിക്കും കൈരളീദേവിയുടെ സംസേവനത്തിനുമായി ആയുശ്ശേഷം നയിക്കുന്നതിനു സാക്ഷാൽ ജഗദീശ്വരൻ കടാക്ഷിക്കട്ടെ.

ഈ ചെറുപുസ്തകം ഇത്ര കമനീയമായി പ്രസിദ്ധീകരിക്കാൻ ഇടയാക്കിയ മലയാളഭാഷാപോഷണതല്പരൻ ശ്രീരാമവിലാസം പ്രസ്സ് ഉടമസ്ഥൻ ശ്രീമാൻ കെ. ജീ. പരമേശ്വരൻപിള്ള അവർകളോടും എനിക്കുള്ള കൃതജ്ഞത പ്രകടിപ്പിച്ചുകൊള്ളുന്നു.

പുലിയന്നൂർ
31—12—110. } പുലിയന്നൂർ എസ്. രാമയ്യർ.

# അവതാരിക.

---

എൻെറ പിഴകൊണ്ടോ മററാരെങ്കിലും പിഴച്ചിട്ടോ എങ്ങനെയൊ സാഹിത്യരാജ്യത്തിൽനിന്നു കല്പനവാങ്ങി ഏകാന്തവാസം വരിച്ചു. ഭൂമി സൂൎയ്യനേയൊ സൂൎയ്യൻ ഭൂമിയേയൊ അതിനകം അനവധിതവണ പ്രദിക്ഷണംചെയ്തു. മടങ്ങിവന്നപ്പൊഴേയ്ക്കും മലയാളഭാഷ ആകൃതിയിലും പ്രകൃതിയിലും വല്ലാതെ ഭേദപ്പെട്ടു. തൃപ്പാദങ്ങൾ സേവിച്ചു ചുററിക്കൂടിയിട്ടുള്ള അനുകന്മാരുടെ തിക്കും തിരക്കുംകൊണ്ടു ഒരുനോക്കു കാണാൻകിട്ടാൻതന്നെ വിഷമമായി. ചില മഹാകവികളുടെ പ്രണയാവേശംകണ്ടു് ഉള്ളലിഞ്ഞു് അവരുമായി ഏഴാംനിലമാളികക്കകത്തിരുന്നുകളയും പലപ്പൊഴും. പരിഷ്കാരികളായ ചില യുവധീരന്മാരിൽ അനുകമ്പയോടെ എത്ര നിലവിളിച്ചാലും എത്ര ധ്യാനിച്ചാലും പ്രത്യക്ഷപ്പെടാതെ ചില പ്രത്യേക സങ്കേതങ്ങളിൽ മറഞ്ഞിരുന്നുകളയും ചിലപ്പോൾ. അടുത്തുകൂടിയിട്ടുള്ള സേവകന്മാർ ഉത്ഘോഷിക്കുന്ന കീൎത്തനങ്ങളുടെ ആരവംകൊണ്ടും അൎച്ചിക്കുന്ന പൂക്കളുടെ സമൃദ്ധികൊണ്ടും കേൾക്കാനും കാണാനും കേൾപ്പിക്കാനും കാണിക്കാനും സ്വന്തം ശക്തിയും അശക്തിയും അറിയാവുന്ന ആളുകൾക്കു് നിവൃത്തിയില്ലാതായിപ്പോയിരിക്കുന്നു. തിരിച്ചു് ഏകാന്തത്തിലേയ്ക്കുപോയി സമാധാനത്തിനു സുഖിച്ചിരിക്കയോ മുമ്പോട്ടുചെന്നു ബഹളത്തിൽ ഉൾപ്പെട്ടു വല്ല വിജയവും നേടാമോ എന്നു പരീക്ഷിച്ചുനോക്കുകയോ ഏതാണുവേണ്ടതു് എന്നു സംശയിച്ചിരിക്കുമ്പോഴാണു് ചില സഹൃദയന്മാരായ സ്നേഹിതന്മാർ എൻെറ പഴയ പയററുകളോൎത്തു ഭാഷാദേവിയോടു ദൗത്യം വഹിക്കാനും പഴയ സംസേവനത്തിൽ ഏൎപ്പെടാനും എന്നെ ഞെരുക്കുന്നതു്. "കോലം

കെട്ടുക കോലകങ്ങളിൽ നടക്കെന്നുള്ള വേലക്കിനിക്കാലം വാർദ്ധകമാകയാലടിയനെച്ചാടിക്കൊലാഭ്രപതേ” എന്നു് അവരോടു തീർത്തുപറയാൻ മനസ്സംവരുന്നില്ല. ആടിയ കാലും പാടിയവായും വെറുതെയിരിക്കയില്ലല്ലോ. പ്രലോഭനങ്ങളാൽ ചില ആശകൾ മുളച്ചിട്ടില്ലെന്നും പറയാൻ വയ്യ! ഈശ്വരോ രക്ഷ!

ശ്രീമാൻ പുലിയന്നൂർ എസ്സ്. രാമയ്യർ എന്ന ഭാഷാപ്രണയി പല 'കവിതാ'പുഷ്പങ്ങൾ ചേർത്തു കെട്ടിയിണക്കിയിട്ടുള്ള ഒരു 'മഞ്ജരി'യും കൊണ്ടാണ് ഞാൻ ഇന്നത്തെ പ്രഭാതസമ്മുഹൂർത്തത്തിൽ സാഹിത്യരാജ്യത്തിലേക്കു പ്രവേശിക്കുന്നതു്. വർണ്ണഭംഗികൊണ്ടും നിർമ്മലത്വംകൊണ്ടും മൃദുലസൗരഭ്യംകൊണ്ടും ഈ പൂച്ചെണ്ടിൽ ഇണച്ചുചേർത്തിട്ടുള്ള പൂക്കളോരോന്നും ആസ്വാദ്യമായിരിക്കയാൽ ഞാൻ കാഴ്ചവയ്ക്കുന്ന 'മഞ്ജരി' സസന്തോഷം സ്വീകരിക്കപ്പെട്ടുമെന്നു് എനിക്കു ആത്മവിശ്വാസം തോന്നുന്നുണ്ടു്. ഭാഷാദേവിയെ എന്നപോലെ ഈശ്വരനേയും ഭജിച്ചു പ്രസാദിപ്പിച്ചുപോരുന്ന ഒരു സാത്വികനും സൗമ്യനും ആണു് ശ്രീമാൻ രാമയ്യർ. അതുകൊണ്ടു് ഈ പൂച്ചെണ്ടിൻെറ കർത്താവിനെക്കുറിച്ചും ആദരവുണ്ടാകാനേ ഇടയുള്ളു. ആകയാൽ അശേഷം സങ്കോചംകൂടാതെ സധൈര്യം ഈ 'കവിതാമഞ്ജരി' ഭാഷാലോകസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

സി. എസ്സ്. സുബ്രഹ്മണ്യൻപോററി എം. ഏ.

കൊല്ലം<br>
110–കർക്കടകം 24–ാനു

# വിഷയവിവരം.


| | വിഷയം. | പുറം. |
|---|---|---|
| 1. | മംഗളം | 1 |
| 2. | പരോപകാരം | 3 |
| 3. | നന്നാകുംമേലിൽ | 7 |
| 4. | കൈരളി | 8 |
| 5. | ഞാൻകണ്ട പമ്പ | 13 |
| 6. | മറഞ്ഞുപോയി | 19 |
| 7. | ഉണരുവിനുണരുവിൻ | 21 |
| 8. | സ്വാഗതം | 22 |
| 9. | മലയാളരാജ്യം | 25 |
| 10. | വേനൽക്കാലം | 28 |
| 11. | മാതൃഭൂമി | 32 |
| 12. | അമ്മയ്ക്കു യശസ്സുതന്നെ | 34 |
| 13. | പ്രേമനിർവൃതി | 39 |
| 14. | ഇരുന്നെഴുന്നേററപോൽ | 44 |
| 15. | ഹിമവാൻ | 46 |

# കവിതാമഞ്ജരി.

(പ്രഥമഭാഗം)

## ൧. മംഗളം.

ആദ്യന്തമില്ലാതമരുന്നൊരേതാൽ
ബ്രഹ്മാണ്ഡഭാണ്ഡം ചലിയാതെനിൽപ്പൂ
ചരാചരം സവ്വവുമുത്ഭവിപ്പാ-
നേതിൻകൃപാകന്ദള മാദിമൂലം. 1

അദ്വൈതസിദ്ധാന്തികളായ സാക്ഷാൽ
വിശ്വൈകജേതാക്കളെയും വിശിഷ്യ
മായാപ്രപഞ്ചാബ്ധിയിലിട്ടമുക്കും
മഹാപ്രഭാവം വിലസുന്നതേതിൽ. 2

ദ്വിജാദി ചണ്ഡാളരിലൊന്നുപോലെ
നിത്യാന്നദാനം വഴിപോലെയേകി
സ്ഫുരിച്ചൊരാ സ്വാശ്രയശക്തിപോററും
മാഹാത്മ്യമേതിങ്കലിരുന്നിടുന്നു. 3

പ്രഭാതവും സന്ധ്യയുമാഴിതൊട്ടു
സാക്ഷാൽമഴത്തുള്ളിയുമൊന്നുപോലെ
കവീന്ദ്രരിൽ കൗതുകമേകുവാനായ്
സൃഷ്ടിപ്പതേതിൻ പരിശുദ്ധശക്തി. 4

സ്വജീവിതത്തെ സ്സഫലീകരിക്കാ-
നൈക്യത്തിനാണത്ഭുതശക്തിയെന്നായ്
എറുമ്പുതൊട്ടുള്ളവമാനുഷർക്കു
നിദർശനം ചെയ്വതിനേതുമൂലം. 5

പൗരസ്ത്യപാശ്ചാത്യ വിഭിന്നഭാഷാ-
വേഷാദിയല്ലത്ഭുതബുദ്ധിശക്തി
ഒന്നാണു മാധുര്യ്യഗുണങ്ങളേറാ-
നേവർക്കുമെന്നോതു വിളിച്ചുചൊല്ലി. 6

സത്യം സദാനന്ദ മനന്തമാദ്യം
നിത്യംനിരാലംബ മശേഷവശ്യം
സച്ചിൽസ്വരൂപം വഴികാട്ടുവാനാ-
യതിന്നു നാം വന്ദനമേകിടേണം. 7

## ൮. പരോപകാരം

(മഞ്ജരി)

തങ്കക്കുടങ്ങളെ! മംഗളബാലരെ!
ശങ്കര പങ്കജ രേണുക്കളെ!
പിഞ്ചുകിടാങ്ങളെ! മഞ്ജുമണികളെ!
സഞ്ജാതകൗതുകകന്ദങ്ങളെ!
നൽപ്രകൃത്യംബാഹൃത്താമരപ്പൂക്കളെ!
ഇപ്രപഞ്ചാകാശ താരങ്ങളെ!
ശാശ്വതസദ്ധർമ്മ ചിന്താമണികളെ!
വിശ്വവിജയ പതാകകളെ!
മായക്കാർമേഘം മറയ്ക്കുമിന്ദുക്കളെ!
മായാത്ത മാധുര്യ്യവാക്കുകളെ!
ഞാനാമുപദേശി: മൂലമായീശ്വരൻ
ജ്ഞാനാമൃതമഴതൂകിടുന്നു.
തത്കണമാസ്വാദിച്ചിബ്ബാലവല്ലിക-
ളൊക്കെത്തെളിഞ്ഞുടൻ പൂത്തിടട്ടെ.
ദാമ്പത്യസംഭൂതസൗഭഗസന്താന-
സമ്പന്മണിമയക്കൊമ്പുകളിൽ—
സംസാരസാഗര വീചീനിചയത്തി-
ലംസാന്തം ക്രീഡിക്കും യുഗ്മങ്ങളിൽ—

പ്രേമമാം പീയൂഷപീയൂഷം നിറച്ചുള്ള
കോമളയൌവന ധാമങ്ങളിൽ—
തത്വമസ്യാദിയാം തത്വരഹസ്യങ്ങൾ
സത്വരമോടിക്കും സത്വങ്ങളിൽ—
മായാവിലാസവിവശരായ് പ്രാരബ്ധ-
സ്വീയധനരായി നമ്മളെല്ലാം
എന്തിനെന്നേതുമറിയാതെ സന്തതം
പന്തമെരിയും വിധത്തിലായി
വന്നുപിറക്കുന്നു; നിന്നുപൊരിയുന്നു;
ഒന്നുമൊരുത്തരുമോക്കുന്നില്ല.
എങ്ങനുവന്നുവോ? എന്തിനുവന്നുവോ?
എങ്ങോട്ടുപോകുന്നോ? ആക്കറിയാം.
ഈശ്വരമായാവിലാസങ്ങളൊക്കെയും
വിശ്വവിമോഹനമെന്നേയുള്ളു
ഞാനതു ചിന്തിച്ചു ചിന്തിച്ചു നിങ്ങളെ
സ്ഥാനത്തുനിന്നുമകററുന്നില്ല.
നാരകസന്നിഭനാരീജഠരത്തിൽ
നാരദസേവിത മൂർത്തിപോലും
ഭാരതപാവന പൂർവ്വപുണ്യത്തിനാൽ
പാരമവതാരം ചെയ്തതില്ലേ?
ആകയാലായതു ലോകരക്ഷാത്ഥമാ-
യാകണമാക്കണം നമ്മളെല്ലാം.

സൂക്ഷിച്ചുനോക്കുക നമ്മുടെമുന്നിലായ്
സാക്ഷാൽ ജഗദീശൻ വച്ചതെല്ലാം
ആദിയുമന്തവു മാരുമറിയാത്തോ-
രാദിത്യദേവനുദിച്ചിടുന്നു.
പാൽക്കതിർമാലയിൽ പാരിടമാകവേ
പാൽക്കടലുണ്ണിമയക്കിടുന്നു.
കാർകൊണ്ടൽ; കാഞ്ഞുകിടക്കുമിബ്ഭൂതലം
നീർകൊണ്ടുമൂക്കുന്നു വേണ്ടകാലം
വെള്ളപ്പളുങ്കൊളിത്തണ്ണീരിൻതള്ളലാൽ
ഉള്ളം കുളിർപ്പിപ്പൂ വൻനദികൾ
പാരം ഫലനികരങ്ങളാൽ ഭൂമിയെ
ഭൂരുഹമാകവേ ഭൂഷിപ്പിപ്പൂ.
കാരണപൂരുഷവാത്സല്യ ധാമങ്ങൾ;
ഭാരതവൈഭവസന്താനങ്ങൾ;
വൈരമിയലാത്ത വാരിദധാരകൾ,
ഭൂരമാദേവിതൻ ഭൂഷണങ്ങൾ;
പാരം വിലസുന്നു ഗോരത്നജാലങ്ങൾ;
ക്ഷീരാഭിമാനികൾ ദേവതമാർ;
നിർമ്മലബുദ്ധികളീവകയാകവെ
ധർമ്മൈകചിന്തയോടൊന്നുനോക്കി
ജീവിതമെന്തിനെന്നേതുമറിയാതെ
ഭാവികളയാതെ ശുദ്ധിയോടെ

പാവിതസന്താന ചിന്താമണികളെ;
ജീവിതകല്ലോലമാലകളെ;
ഭാരതീയാദശ്ഭാസുരഗോക്കളെ;
സാരാത്ഥതത്വരഹസ്യങ്ങളെ;
പണ്ഡിതമണ്ഡിതധമ്മധ്വജങ്ങളെ;
ഖണ്ഡിത നീചമനസ്സുകളെ;
ധമ്മൈകവൈമല്യ ഘണ്ടാപഥങ്ങളെ;
ശമ്മിഷ്ഠമസ്തിഷ്കരത്നങ്ങളെ;
വ്യാസാദിമാമുനി സാരസ്യസൗഭഗ-
ധീസാധുനിമ്മല ഗീരുകളെ;
കാളിദാസാദികവികുലകോകില-
ലാളിതദിഗ്ജയസ്തംഭങ്ങളെ;
സന്ധിച്ചുവച്ചുള്ള കോടാനകോടിയാം
ഗ്രന്ഥസമൂഹവുമൊന്നുനോക്കി
ആയതിലൊക്കെയും നൂലിൽ മണികൾപോ-
ലായതത്തമാകും പരോപകാരം.
ചെയ്യുവിൻ ബാലരെ! ചെയ്യുവിൻബാലരെ!
ചെയ്യുവിൻനിങ്ങൾ പരോപകാരം.

## ൯. നന്നാകുംമേലിൽ.

(നതോന്നത)

പരിമളകുസുമങ്ങൾ പരിലസിച്ചുയരവെ
പരിഭ്രമംജനതതി പരിഹരിക്കെ
കിളികളുക്കളെകള കുളുർനാദമുതിക്കവെ
അളിവൃന്ദംമുരണ്ടുകൊ ണ്ടടുത്തിടവെ
അസത്യവുമസൂയയു മസജ്ജനസാമിപ്യവും
അസഹ്യതയെന്നുള്ളതു മകന്നീടവെ
മമതവന്നുയരവെ വിമതങ്ങളണയവെ
പ്രമദയും പ്രേമത്തോടെ പ്രസാദിക്കവെ
കാനനത്തിൽ ജീവികൾക്കു ദീനതകൾനീക്കുംദിക്കിൽ
മാനസത്തിൻദുമ്മദങ്ങൾ മാററുമദ്രിക്കിൽ
ഒഴുകുവാൻതുടങ്ങുന്നു ണ്ടഴകേറുമൊരുനദി
മുഴുതിങ്കൾപ്രഭയോടെ മുഴുത്തമോദാൽ
അതിൻചുററുമട്ടുക്കുന്നു ണ്ടതിഭക്തിപ്രചുരിമ
അതിർവിട്ടുചൊരിഞ്ഞിട്ടു മച്ചിററാറുകൾ
അവനമിച്ചടുത്തിട്ടു മവയെത്തൻസമീപത്തിൽ
അവശതയാകെനീക്കി യടുപ്പിച്ചിതാ
ഗമിക്കുന്നുനദി;തീര ഭൂമികളെത്തണുപ്പിച്ചു
നമിക്കുന്നുതീരത്തുള്ള നന്മരങ്ങളും

വഴിക്കെത്തിച്ചേരുംനല്ല പുഴകളെത്തന്നിൽച്ചേത്തു
തഴച്ചുകൊണ്ടിതാചുററും തലോടിക്കൊണ്ടും
അരികിലുമകലെയു മറിയുവാൻതക്കവിധ-
മറിവേകുംമൃദുസ്വന മതിസ്ഫുടമായ്
പ്രകടമായ്പ്രചുരമായ് പ്രഗത്ഭമായ്പ്രമോദേന
പ്രകടീകരിച്ചുംകൊണ്ടു പ്രതാപത്തോടെ
പ്രവഹിപ്പൂപരിസരം പരിശുദ്ധമാക്കിപ്പാരിൽ
ഭവദുഃഖമകററുന്ന ഭാസ്വരനദി
അനന്തമാംമഹിമക ളനവദ്യസുഖത്തോടെ
അനുഗരിലണച്ചീടു മത്ഭുതമൂത്തി
ഉത്തുംഗമാംതീരഭ്രുവി ലെത്തുന്നതുകണ്ടുകണ്ടു
മെത്തുംമോദാൽമററുള്ളവ മെല്ലെമെല്ലെയായ്
വന്നുചേൻനാട്ടുനീളെ യൊന്നുചേൻനന്നാക്കുന്നു
നന്നുനന്നുഭാരതമേ! നന്നാകുംമേലിൽ

---

## ൪. കൈരളി.

(മഞ്ജരി)

ഭാരതനാട്ടിലെ ദേശീയഭാഷകൾ
സ്വൈരമായ്ചാത്തുന്ന മുക്താഹാരം
ആദിമഹാകാവ്യമാകും രാമചരി-
താദിയാലാക്ളമാനന്ദമേകും.

വഞ്ചീശവംശമഹാരാജൻനിർമ്മിച്ച
നെഞ്ചലിയിപ്പിക്കും ഗർഭപാത്രം
ശയ്യാഗുണഗണമേറിവിലസുന്നോ-
രയ്യപ്പനാശാൻെറശ്രേഷ്ഠബീജം.
അണ്ഡകടാഹത്തിലാമോദമേകുന്ന
കണ്ണശ്ശൻസൃഷ്ടിച്ച പിഞ്ചുകുട്ടി
അച്ഛമാനസനെഴുത്തച്ഛദേവൻെറ
ഇച്ഛക്കപാടിയ കൊച്ചുപൈതൽ
പുഷ്ടകുതുകാൽചെറുശ്ശേരിനല്ലൂഞ്ഞാൽ
തൊട്ടിലിലാട്ടിവളൎന്നകുട്ടി
കോട്ടയമുണ്ണായിയീമഹാസൂരിക-
ളാട്ടവുംപാട്ടുംപഠിപ്പിച്ചവൾ
അഞ്ചിതകൗതുകാൽ രാമപുരംവാര്യർ
വഞ്ചിയിൽപാട്ടുകൾ പാടിപ്പിച്ചോൾ
അൻപോലുംനമ്പൂരിശ്രേഷ്ഠരാൽനിത്യവും
പൊൻപൂകൾപൂത്താലിചാർത്തിച്ചവൾ
വെള്ളപ്പാവാടയണിയിച്ചുനമ്പിയാർ
തുള്ളിച്ചബാലികാമൗലിമാല
വെണ്മണിപൂന്താനം പൂന്തോട്ടംബ്രാഹ്മണർ
കണ്മണിയാക്കിയചെല്ലക്കുടം
കേളികേട്ടുള്ളമഹാകവി; ലക്ഷ്മിയെ
ലാളിച്ചപാരിലെപാരിജാതം

കേരളസൂരികൾക്കാചാര്യനാദ്യത്തെ-
കേരളസാഹിത്യചക്രവർത്തി
കേരളകാളിദാസനെന്നാകേൾവിയാ-
ലൂരകമാകവേ പേരെഴന്നോൻ
രാജാധിരാജരാം വഞ്ചിക്ഷിതീശർക്കും
പൂജാർഹനാകിയപുണ്യപുമാൻ
കേരളവർമ്മക്ഷിതീശനാൽയൗവന-
ധോരണിവാച്ചിച്ചരമ്യഗാത്രി
രാജരാജാഖ്യനാൽ വൃത്താലങ്കാരാദി
ഭ്രാജൽഗ്ഗുണഗണമേററുവാഴ്വോൾ
നല്ലഭാഷയായിക്കേരളേനിന്നുകൊ-
ണ്ടല്ലസത്ഭാരതം കൈക്കലാക്കി
മേന്മവരുത്തിയ കേരള വ്യാസരാ-
ലുണ്മയായങ്കത്തിൽ ലാളിപ്പിച്ചോൾ
സീവീയാദിയായ സൂരികൾമൗലികൾ
ലാവണ്യവസ്ത്രങ്ങളേകിവാഴ്വോൾ
കേസിയൊട്ടുനട്ടപന്തളമാശാനും
ഭാസിപ്പിച്ചുള്ളൊരുഭാസുരാംഗി
വഞ്ചീശവംശവും പാണ്ഡവോദയവു-
മഞ്ചിതഭംഗിയിലൊന്നുപോലെ
കണ്ടിട്ടുംനിൽക്കാതെ ഭാഗവതംകൊണ്ടി-
ട്ടിണ്ടൽതീർക്കുംകവി സാർവ്വഭൗമൻ

കല്യാണവേളയിൽ കാംക്ഷിതംപോലെന്നൽ
കല്യാണീനാടകംകാണിക്കുന്നോം

ഗീതാഞ്ജലിയാദിഭാഷാകാവ്യങ്ങളാൽ
പ്രീതയായ്കുണ്ടൂരിൽചെന്നുവാഴ്വോം

ഭ്രാതരായരുമാഭാസ്കരമേനോനും
സാദരംസോദരഭാവമോടെ

അപ്പനെന്നൊന്നുപോൽവാഴ്ത്തുംവിശിഷ്ടനാ-
മപ്പനിൽക്രൂറോടെവത്തിപ്പവം

സാഹിത്യമഞ്ജരിചിത്രയോഗംകത്ത്യ-
മാഹാത്മ്യമേറിയ രാമായണം

പാരിൽപുകഴുംവിലാസലതികയി-
പ്പേരിലുള്ളാഭരണങ്ങളെല്ലാം

ആരുംരസിക്കുംവിധത്തിൽനിമ്മിക്കുന്ന
പേരുററവള്ളത്തോൾതാലോലിക്കും

മാധുര്യസവ്സ്വമഞ്ജുളവാണിയാൽ
പ്രാഥമ്യമാളുന്നമോഹനാംഗി

വഞ്ചീശഗീതിയുമാകേരളംനേച്ച്
യഞ്ചിതമാലതിഹീരത്തുള്ളി

മംഗളമഞ്ജരിയാദിയാൽമഞ്ജുള
മംഗളംനിത്യവുംപാടിക്കൊണ്ടും

ബാലാങ്കുരവുംമഹാമേരുവായതും
ചേലാളുംതുമ്പപ്പൂവെന്നുകണ്ടും

സൗഭ്രാത്രഗാനവിചാരധാരയിൽനൽ-
ശ്ശുഭ്രമാംസൗഭഗസ്വപ്നംകണ്ടും
ആഢ്യൻമുതൽക്കന്ത്യജനോളമൊന്നുപോ–
ലാഢ്യത്വത്തോടെതാനോർത്തുകൊണ്ടും
നല്ലമുഹൂർത്തേസുജാതോദ്വാഹംചെയ്തി-
ട്ടുല്ലാസാൽനിസ്തുല്യതാരഹാരം
തീണ്ടൽതൊടീലറ്റു ചാർത്തിക്കുമുള്ളൂരാ-
മാണ്ടവൻപാലിക്കും പാവനാംഗി
കൈരളി! മാതാവേ! ഞങ്ങളിൽക്കാരുണ്യ–
ന്നാരമാംസാരസ്യദൃഷ്ടിനൽകി
പൗരസ്ത്യപാശ്ചാത്യഭിന്നപ്രസ്ഥാനത്തിൽ
സാരസ്യമുള്ളതു കൈക്കലാക്കി
പാരായപാരിലെമംഗല്യവാണികൾ
നേരായിരിക്കുന്ന സംസത്തിങ്കൽ
അധ്യക്ഷയായി പ്രശോഭിച്ചുനിത്യവു-
മധ്യാത്മജ്ഞാനങ്ങളേകിയാലും.

## ൫. ഞാൻകണ്ട പമ്പ.

(നതോന്നത)

I.

കുങ്കുമച്ചാർത്തളിക്കട്ടെ തങ്കക്കോപ്പു ചാർത്തിക്കട്ടെ
പങ്കമററരത്നമാല്യ മണിയിക്കട്ടെ
പരന്മാരെഞ്ഞെരുക്കട്ടെ പരദ്രോഹംചെയ്തിടട്ടെ
പരിലസന്മണിസാന്ദ ഗേഹമാക്കട്ടെ
ഉദയവുമുപചയ മപചയമവസാനം
പതിവിവയാരുമിതിൽ പരിഭവിക്കാൻ
ലവവുമില്ലവകാശ മവരവർചെയ്വതെല്ലാ—
മവരവർക്കനുഭവ മന്ത്യംവരെയ്ക്കും
ശങ്കവേണ്ടന്നോതുംവിധംചെങ്കതിരോൻപടിഞ്ഞാറെ
തങ്കവാതൽകടക്കുവാൻ തയ്യാറാകുന്നു
കരിമലമുകളിലച്ചരമാർക്കകിരണങ്ങൾ
തെരുതെരെക്കുറയവെ കിളികളുടെ
കുളിരേലുംനാദമുള്ളിൽ തെളിവേകിയുയരവെ
അളികളുംമധുതെണ്ടി യടുത്തിടവെ
വനഗജനിരനിന്നു പരുങ്ങവെ; കിടികളും
നടുങ്ങവെ; വാനരങ്ങൾ പല്ലിളിയ്ക്കവെ;
അടവിയിൽകടുവാക ളടയവെ മുളകളും
ഞെടുഞെടെയൊടിയവെ; പൊടിപൂരമായ്

അകൃത്രിമരുചിയാളും പ്രകൃതിയാംദേവിതൻനൽ
പ്രകൃതിതാൻകാണിക്കുന്നു പ്രകടമായി

II

ബാലികേറാമലയെന്നും നീലിമലയെന്നുംപണ്ടേ
ക്കാലംമുതൽപഴമക്കാരരുളിടുന്ന
മലകളാമിരുകര യെല്ലുകയായൊഴുകുന്നു
മലയാളംമഹനീയ മാക്കുമിപ്പമ്പാ
അടിക്കൂടെകാണുമച്ഛസ്ഫടികനേർജലമാളും
തടിനികൾമുടിമണി തടവില്ലാതെ
ഉരുളങ്കല്ലുരുട്ടിയു മരികിലെപ്പാറക്കല്ലിൽ
തെരുതെരെയടിച്ചുമേൽ ച്ചിതറിടുന്ന
പളുങ്കൊളിത്തെളിനീരിൻ കണങ്ങളാൽജീവികളെ
പരിഹാസംചെയ്തുകൊണ്ടും ഗമിക്കുന്നഹോ!
ഇതുമട്ടിലൊഴുകുമി ച്ചതുരയാംനദിയുടെ
പുതുവെണ്മയിയലുന്ന മണൽപ്പുറത്തിൽ
ഒരുന്തൂററിനാലാംകൊല്ലം പെരുകിയജലത്തിൽപ്പെ-
ട്ടൊരുപാട്ടതരുനിര യൊഴുകിയതും
അടിഞ്ഞിതാകിടക്കുന്നി തടികാണ്മാൻഞെരുക്കമൊം
തടിയുടെകിടപ്പുതാൻ ഭയാനകമേ
ഇരുഭാഗത്തൊരുപോലെ മരുവുന്നഗിരികളിൽ
ഒരുനോക്കുനോക്കിക്കൊണ്ടു നദീമധ്യത്തിൽ

ഒരുത്തനുനിമിഷമൊന്നിരിക്കുവാനിടവന്നാൽ
ഒരക്ഷരമുരിയാടാൻ ശക്തിയാകുമോ

## III

തെളിവേറുംനദിയുടെ പുളിനത്തിൽ—പ്രകൃതിത-
ന്നൊളിയേന്തുംകളിക്കുള്ള മലർപ്പന്തലിൽ—
അനശ്വരമഹിമയാ ന്നനവദ്യസുഖംനൽകും
ജനനിതന്നങ്കമാകും പട്ടുമെത്തയിൽ—
അനർഘമാമദ്വൈതത്തിൽ ജനങ്ങളെപ്രേരിപ്പിക്കും
മനുവംശമണിക്കുട ങ്ങളുംശയിപ്പൂ
മദമില്ലാ; മതിമാററും മനമില്ലാ; മത്സരാദി-
ക്കുദേശനമസ്ഥലങ്ങ ളഖിലവുമേ
പരനെന്നുപറയാനും പരമാത്ഥമൊളിക്കാനും
പരമനെച്ചിന്തിയാതെ യിരിക്കുവാനും
പുരുഷനിലൊരുവനും കരുതുകയില്ലെന്നല്ല
കരുണയ്ക്കുവിളഭ്രവായരുളുമാരും
ഉരുളങ്കല്ലെവിടെയോ? തരുനിരയെവിടെയോ?
പുരുഷൻെറപ്രയത്നത്തിന്നാതിരെവിടെ?
തലെട്ടിനംവരെവെറും കലമാനും കരടിയും
പുലികളുംവിഹരിച്ച മണൽപ്പുറത്തിൽ
പരസ്സതംപണ്ണശാല വിലസുന്നുവിശിഷ്ടമായ്
നദിവിട്ടുകാട്ടിലേക്കും കടന്നുകേറി

കലാശാലക്കവാടങ്ങൾ കടന്നോരുതരുണക്കം
കലാശമിസ്ഥലംതന്നെ കൗതുകംചേർപ്പൂ

IV

തങ്കക്കമ്പിക്കിരണങ്ങൾ ശങ്കവിട്ടുനരന്മാരിൽ
പങ്കമാകെയകലുവാ നയച്ചുകൊണ്ടും
ഉണരുവിനുണരുവി നുറക്കത്തിന്നതിരില്ലേ
ശ്രമപരിഹാരമല്ലേ നിദ്രയെന്നോതി
ദിനമണിഭഗവാനു മെഴുന്നള്ളിത്തുടങ്ങുന്നു
മനുജക്കമാർഗ്ഗദർശി ലോകബാന്ധവൻ
ദ്രുതഗതിയറിയാത്ത മടിയരാംകേരളീയർ
ഒരുമണിക്കുറിനക മുത്സാഹമോടെ
ഇരുമലകളിൽനിന്നു നിരവധികമ്പുകളും
ഇലകളുമൊടിച്ചിതാ പന്തൽനിർമ്മിപ്പൂ
നിയതികളനിയമന നിയന്ത്രണമില്ലെന്നിപ്പോൾ
സ്വയമറിഞ്ഞൊത്തുചേർന്നു പണിചെയ്യുവോർ
ഉലകിടംനന്നാക്കുവാ നലസതവെടിഞ്ഞേവം
നിലതുടർന്നെങ്കിലെത്ര നന്നായിരുന്നു.

V

ദിനമണിഗഗനത്തി ലനർഘനായുയർന്നിതാ
മനമാകെപ്പരട്ടുന്നു മടിയില്ലാതെ

തരുണങ്കൽക്കരുതാതെ പെരുമാറിത്തുടങ്ങിയാൽ
നിരവധികദനംതാൻ ഫലമേവക്കും
തപിപ്പിക്കുംഖരരശ്മി തപനനെന്നുള്ളപേരു
നിരത്ഥമാക്കാതെയിന്നു സൂക്ഷിച്ചിട്ടുന്നു
വെളിയിലേക്കിറങ്ങിയാ ലടിമുടിപൊരിയുമി-
സ്സമയത്തെയേതുംതന്നെ കൂട്ടാക്കിടാതെ
താൻപണിതുപണിതിത്ത പമ്പയിലെ പ്പന്തലാകും
പൎണ്ണശാലയ്ക്കകംജനം സന്തോഷമോടെ
ചതുർവിധവിഭവങ്ങൾ ചതുരമായൊരുക്കിയ
പുതുവനഭോജനവും നടത്തിപ്പിന്നെ
തിരുനാമജാലങ്ങളു മരിയോരുചരിത്രവു-
മുരുവിട്ടുകൊണ്ടുതന്നെ യിരുന്നീടുന്നു

## VI

സ്വാന്തമാകുംജീവിതത്താ ലന്തരിക്ഷംശാന്തമാക്കി
പിന്തിരിയുംനരന്മാരെ യുപദേശിച്ചു
ചരമാബ്ധിവീചീഫണ നിരയാകുംപട്ടടയിൽ
പരിസ്ഫുരിക്കുന്നുഭാനു പാരിടപ്രാണൻ
സായന്തനവിധിയെല്ലാ മായപോലെസാധിപ്പിച്ചു
മായമററുമനുജന്മാർ ജലസമീപം
എത്തിയപ്പോൾചുററുംകാണും കാഴ്ചയാണോ?ലക്ഷ-
സന്തുഷ്ടയാംപ്രകൃതിതൻ പ്രദശ്നമോ? [ദ്ദീപം

കൂലംകുത്തിക്കുതിക്കുന്ന നീരൊഴുക്കിൽനിരവധി
കമ്പവിളക്കൊഴുകുന്നു കാണേണ്ടവിധം
പമ്പയിലെക്കമ്പക്കോട്ടയിമ്പമോടുകാണികളെ
കമ്പിപ്പിച്ചുല്ലസിപ്പതും അത്ഭുതംതന്നെ
"ഹരിഹരസുതനയ്യാ! ചരണംതേശരണാമേ
പരമനാംപൂരുഷനേ! കരുണാകര!
ഭഗവാനേ!ഭക്തദാസ! അഗതികളടിയങ്ങൾ
സ്വഗതികൾകണ്ടിടാതെ തിണ്ടാടിടുന്നു"
ഭക്തികൊണ്ടുസക്തിയററു ഭക്തന്മാരന്നേവംവിധം
ഭക്തിപരവശരായി സ്തുതിക്കുന്നതും
മത്തഹസ്തിതൊട്ടുചുററു മെത്തീടുന്നമൃഗഗണം
ആർത്തിപരവശമായി ട്ടനക്കംപോലും
ഇയലാതെനിൽക്കുന്നതു മയസ്കാന്തംസൂചിയെപ്പോൽ
പ്രകൃതിയാംമാതാവേററം ആകർഷിപ്പതും
കാണുന്നോരുകണ്ണുമാത്ര മാണുലോകജീവികളെ
താണുപോകാതീശൻതന്നിൽ ലയിപ്പിപ്പതും.

---

S.M. SCHOLASTICATE CHANGANACHERRY CHETHIPUZHA

## ൩. മറഞ്ഞുപോയി.

(മഞ്ജരി.)

സീമാവിഹീനമഹിമയെഴും ദിവ്യ
ശ്രീമയം സൗന്ദര്യരത്നമയം;
പ്രേമകുസുമങ്ങൾ നീളെവിലസുന്ന
കോമളവാസന്തപ്പൂവാടിക;
വിശ്വവിലസിത വിജ്ഞാനശേവധീ-
ശാശ്വതനിക്ഷേപ രത്നവേദി;
സാക്ഷാൽപ്രകൃതിയെ പ്രസ്ഫുടമായ്കാട്ടും
ശിക്ഷാക്രമാചാര്യ്യ യാര്യ്യശില;
ലോകത്തിന്നജ്ഞാന ധ്വാന്തമകററുന്ന
ലോകൈകസുജ്ഞാനദീപാവലി;
വ്യാസപ്രഭാകര ദീപ്തിയിലാശകൾ
ഭാസുരമാക്കുന്ന വേദനാഡി;
ആചന്ദ്രതാരപ്രകാശിനിമേവുന്ന
വാചാതിതപ്രഭാസങ്കേതമായ്;

II

ലീലാപരിലസല്ലോല ഗഗനത്തിൽ—
ശ്രീലസല്ലാവണ്യസന്ദോഹത്തിൽ—
തൂമണംവാരിവിതറുന്ന തെന്നലിൽ—
കോമളശ്രീമയവേദികയിൽ—

പാലോല്പാകൗമുദീ ലീലാലഹരിയിൽ—
ചേലാളുംദിവ്യശരന്നിശയിൽ—
ചുററുംവിബുധരെ നന്നായിപ്പാലിച്ചു
തെററുകളല്പവുമേശിടാതെ
തൃക്കടക്കണ്ണിൽപ്രവഹിക്കും കാരുണ്യ
സത്കലാപീയൂഷയൂഷത്തിങ്കൽ
ലോകത്തെയിട്ടു തകിടംമറിച്ചോരു
ലോകൈകപാവന തേജഃപുഞ്ജം;
വിശപംനിറയും പരിമളധോരണി
വായ്പിച്ചസൗഭഗ പാരിജാതം.

III

അത്യുച്ചസ്ഥാനത്തു ശോഭിച്ചതേജസ്സു
നിത്യവുംഗോക്കളാൽ ലോകമെല്ലാം
പാലൊളിചിന്തിച്ചു പാരംലസിച്ചോരു
ശ്രീലസത്കർപ്പൂരമാധുരീധാര;
പശ്ചിമദിക്കിങ്കലെത്തിപ്രതിനവ-
സച്ചരിതപ്രഭകാട്ടിക്കാട്ടി
പിന്നെയുംപിന്നെയും സത്കലാസവ്സപ-
സന്നതമാംസുധ തൂകിത്തൂകി
സത്കർമ്മം സത്കർമ്മം ചെയ്യണമെന്നുള്ള
സത്കഥയെപ്പൊഴു മോതിയോതി

ലോകത്തിൽക്രൂരിരുൾ വൻമഷിവീഴ്ത്തിയും
ആകവേദുഃഖത്തിലാറാടിച്ചും
വൈദ്യുതദീപ്തി ഹൃദയത്തിലേകിയും
വിദ്യുല്ലതപോൽ മറഞ്ഞുപോയി.

---

## ൯. ഉണരുവിനുണരുവിൻ!

(നതോന്നത)

അവശതയകററുവിൻ! അവമതികളയുവിൻ!
അവരവരുണരുവി നവനമിപ്പിൻ!
യവനികതകക്കുവിൻ! ഭവികത്തെയുയത്തുന്ന
യുവതയെന്നമിക്കുവിൻ! യുക്തിയുക്തമായ്
വിനാഴികയൊന്നുപോലും വിനോദിപ്പാനിപ്പൊഴില്ല
വിനാശത്തെവരുത്തുമേ വിധിമൊഴികൾ
പരാഭവമിയററുന്ന പുരാതനദുരാചാര-
കരാളമാംചങ്ങലകൾ കണ്ടിച്ചിടുവിൻ!
മാമൂലെന്നമൊഴികളെയാമൂലാഗ്രംതട്ടിനീക്കി
പ്രേമമെന്നരണ്ടക്ഷരം പുലത്തിടുവിൻ!
ഭീരുക്കളെദൂരെമാററിയാരും പിന്നിൽനോക്കാതെനാം
വീരരെന്നുനാട്ടിലെല്ലാം വിളിച്ചുരപ്പിൻ!
പഴയതിൽകൊതിനീക്കിയഴകേറും പുതിയതിൽ
മിഴിയിണയയക്കുവിൻ മിഴിച്ചിടാതെ

പാരതന്ത്ര്യംപാരതന്ത്ര്യം ഭാരതത്തെകുഴക്കിയ
പാരതന്ത്ര്യമലതല്ലിത്തകൎത്തീടുവിൻ!
ഭ്രതകാലംപോയിപോയി ഭാവിയുണ്ടെന്നാരറിഞ്ഞു
വൎത്തമാനംമാത്രം നമ്മെമ്പ്ഭാസ്വരമാക്കും
ഉണരുവിനുണരുവിനണയുന്നവിപത്തുകൾ
മണമററപൂക്കളെന്നുമറച്ചിട്ടുവിൻ!
യുവജനശക്തിയേകും നവനവസ്വാതന്ത്ര്യത്തെ
യവനമിച്ചെന്നുമെന്നുമാരാധിക്കുവിൻ.

---

## ൮. സ്വാഗതം.

(മഞ്ജരി.)

ശ്രീ,വാണീദേവീനിവാസ സുരഭില-
ശ്രീവാഴുംകോടിന്റെ ജീവനാഡി;
കേരളമാഹാത്മ്യം നീളെപ്പരത്തുന്ന
കേരളശിക്ഷിതശിഷ്ടമൌലി;
ഭാരതീനൎത്തന മഞ്ജീരശിഞ്ജിത-
ഭാരതഭാസുര ഭണ്ഡാഗാരം;
ലോകൎക്കുവിജ്ഞാന സമ്പത്തരുളുന്ന
ലോകൈകദേശിക സാൎവ്വഭൗമൻ;
സജ്ജനശിക്ഷണ ചാതുരീമാധുരി—
സജ്ജീകരിച്ചോരു സാധുശീലൻ;

പണ്ഡിതമ്മന്ന്യരെ നട്ടംതിരിക്കുന്ന
പണ്ഡിതമണ്ഡലമദ്ധ്യവർത്തി;
സദ്യശശ്ചന്ദ്രികാ സാരസ്യസഞ്ചയ-
വിദ്യുല്ലതികാസുലാളിതാംഗൻ;
രാജതരാജസുനീതിവിശാരദ-
രാജഭക്തന്മാരിലഗ്രഗണ്യൻ;
ഗാനകളകളകോകിലകാകളീ-
കോമളകൈരളീ താരഹാരം;
കേരളലാളിത ശേമുഷീബാന്ധവ-
കേരളസാഹിത്യ ചക്രവർത്തി;
ഉള്ളൂരും,നൽധ്വനി കാവ്യപ്രകാണ്ഡത്താ-
ലുള്ളൂരിലൊക്കെയും സുപ്രസിദ്ധൻ;
ഉള്ളൂർമഹാകവി സാർവ്വഭൗമൻമൊഴി-
ക്കുള്ളൂനംമാററുവാൻ ബദ്ധകക്ഷൻ;
പ്രാഭവമേറുംപ്രതിഭമുഴവനും
ഭാഷാഭഗവതി പാദതാരിൽ
കാഴ്ച്ചവച്ചീടുന്നു; കല്യാണശാലിനി
വേഴ്ച്ചയാനൽകുന്നു സ്വാഗതവും.

II

സ്വാഗതം മാന്യമഹാകവേ! സ്വാഗതം
സ്വാഗതം സാഹിത്യചക്രവർത്തിൻ!

കൈരളീഭക്തരാം ഞങ്ങളേങ്ങേക്കിതാ
പ്രാരംഭസ്വാഗതമോതിടുന്നു.

രാജ്യസംസേവനം ഭാഷാസംസേവനം
ത്യാജ്യമല്ലൊന്നും ഭവാദൃശരാൽ

പൂജ്യമാമായതിലൊന്നിനാലേവരും
പൂജാൎഹരായിവിലസീടുന്നു

വിദ്വന്മകുടലസന്മണിതാവക
സദ്വാണീലാളിത മാതൃരാജ്യം

രാജ്യസംസേവന മൈച്ഛികമാക്കിയീ-
പൂജ്യയാംകൈരളീസേവചെയ്വാൻ

അങ്ങേയ്ക്കനുവാദം നൽകുന്നോരീവേള
ഞങ്ങൾക്കസന്തോഷദായകംതാൻ

പണ്ഡിതമണ്ഡല മണ്ഡിതമണ്ഡപൻ;
ഖണ്ഡിതസന്താപനത്ഭുതാഭൻ;

കൈരളീകൈരവചൈത്രഹിമകര-
നീരന്ധ്റമുക്താകിരണാവലി

ഭാരതീയാദശ് ഭാസുരഭാനുമാൻ;
സാരസ്യസാഹിതീ സാധുവേദി;

താവകതൂലിക കൈരളീദേവിക്ക
ഭാവുകദായിയായ് തീൎന്നൽകി

ഭാഷാഭഗവതീ ഭക്തമനോരഥ-
മോരോന്നുമൊന്നൊന്നായ് സാധിപ്പിച്ചു

ദീർഘായുരാരോഗ്യ സമ്പത്സമൃദ്ധിയിൽ
ദുർഘടമല്പവുമേശിടാതെ
നീണാൾവിലസുവാൻ വാണിമണവാള-
പ്രാണവിധായകൻ കാത്തിടട്ടെ.

---

## ൯. മലയാളരാജ്യം.

(നതോന്നത.)

ശ്രിതജനപാരിജാതത്തിരുമുടിതന്നിൽനന്നാ-
യണിമുടിയണിയലായണച്ചുകൊണ്ടും;
ഉലകിടനെടുനാഡി കുടയോരുതുത്തുടയിൽ
ചരണങ്ങളഞ്ചിതമായ് കയററിവച്ചും;
വരിവരിയായിനിൽക്കും തരുനിരയിലടിച്ചു
വരുന്നോരുതെന്നൽപിന്നിൽ സുഖമായേററും;
തെരുതെരെയുയരുന്ന തിരമാലയ്ക്കിയലുംനൽ
സുരുചിരഭംഗിനോക്കി രസിച്ചുകൊണ്ടും;
ത്രിമൂർത്തികൾ ബ്രഹ്മാവിഷ്ണു മഹേശ്വരർ—സത്വരജ-
സ്തമോഗുണർ—അത്ഭുതമാ—യവതരിച്ചും;
സുരപതിപരിഭവക്കറനീങ്ങി ശ്ശചീന്ദ്രനായ്
പുരുഭ്രതിവഹിച്ചേററം പരിസ്ഫുരിച്ചും;
പ്രകൃതി;തൻതൃക്കടാക്ഷാ മൃതധാരാവർഷത്തിനാൽ
വികൃതികളണയാതെ വിരാജിപ്പിച്ചും;

സ്ഫുരൽപ്രഭാഭാസുരമാം തരംഗിണിമണിമാലാ-
വിരാജിയാംഗളതലം ലാലസിപ്പിച്ചും;
അഴകെഴുംതിരുമെയ്യി ലണിയുന്നഭൂഷണങ്ങ-
ളഖിലക്ഷ്മാശപോലെ യയച്ചുകൊണ്ടും;
മതിമുഖിദേവി! മന്ദസ്മിതമുഖിയായിലോക-
പ്രതിബിംബംകണക്കിതാ ശയിച്ചീടുന്നു.

II

പരിണതിയാളുംപൂവ് പരിഷ്കാരപ്രൗഢികൊണ്ടു
ധരിത്രിയിലഖിലവും ധാവള്യമേകി
പരാഭവമേശിടാത്ത പുരാതനദ്രമിളരാ-
ലരാതിതൻശിരോരത്നമെടുത്തുകൊണ്ടും;
പരിശുദ്ധമനസ്വിയാം പരശുധമുനീന്ദ്രനെ
പരിചോടെസവിധത്തിൽ സ്വാഗതംചെയ്തും;
അതിയശസ്സാളുംചേര ക്ഷിതിനാഥപരിരക്ഷാ-
ചതുരതയാലേലോക സ്തുതികൈക്കൊണ്ടും;
തളിയാതിരികൾ രക്ഷാ പുരുഷന്മാരിവരാലെ
ഒളിവീശിയുലകെല്ലാം വിളക്കിക്കൊണ്ടും;
ധരണിയിലൊരേടത്തും കണികാണാമട്ടിലുള്ള
പെരുമാൾതൻഭരണത്താൽ ലാളിതയായും;
പ്രതിഭയാൽധർമ്മകർമ്മ ക്ഷിതിയെന്നനാമധേയം
പ്രതിനവമായിട്ടെങ്ങും കേൾപ്പിച്ചുകൊണ്ടും;

സനാതനമതസ്ഥൎക്കാ യനാമയഭ്രതിനൽകി
യനാരതമായവരെ പ്പരിലാളിച്ചും;
ഉപാസനാവിധികളാ ലപായങ്ങളേശിടാത്തോ-
രുപായങ്ങളെല്ലാംനന്നായുപപാദിച്ചും;
മതിമുഖിദേവിമന്ദ സ്മിതമുഖിയായിലോക -
പ്രതിബിംബംകണക്കിതാ ശയിച്ചീടുന്നു.

III

മലയാഴിയിവ ഴ്ക്കിട യ്ക്കലയാതെനിലകൊള്ളും
മലയാളരാജ്യം;മനോ ഹാരിയാംരാജ്യം;
കേരളീയൎക്കാകമാനംപേരരുളുംമഹനീയ
കൈരളിയെക്കൂടിവച്ച നമ്മുടെരാജ്യം;
ആരൊരുത്തനെതിരെന്നു വീരനായടിപ്പുകേൾക്കെ
പേരുകൊണ്ടേരക്ഷയാണ്ടാ ശ്രീരാമരാജ്യം;
അനാചാരമതംലോക വിനാശത്തിന്നുദ്യമിക്കെ
സനാതനമതതത്വം പ്രചരിപ്പിച്ചു
ഭാരതത്തിൽ—ഹിമാചല കുമാരിതൻമദ്ധ്യഭ്രുവിൽ—
വീരജൈത്രയാത്രചെയ്താ ജഗദാചാൎയ്യൻ,
ഭാരതീയമുക്തിമാൎഗ്ഗ ഭാഗവതധൎമ്മപഥം
ഭാസുരമായ് സഞ്ചരിക്കാൻ വെട്ടിത്തെളിച്ചു
ലോകരക്ഷചെയ്തതൻെറ ശോകമെല്ലാമകററിയ
ലോകഗുരുനാരായണൻ നാനാൎത്ഥവേദി;

ഭാഗവതരാമായണഭാരതാദിഗ്രന്ഥമെല്ലാം
ഭാഷയാക്കിക്കേരളത്തിൽ ഭക്തിയുണ്ടാക്കി
മലയാളംമഹാത്ഭുത വിളഭൂമിയാക്കിയോരു
മലയാളഗുരുതുഞ്ചത്താചാര്യവര്യൻ;
ആദിയായലോകഗുരു നാഥരെല്ലാമമ്മയെന്നു
മോദമോടെവിളിക്കുന്ന പുണ്യഭൂദേവി
മതിമുഖിദേവിമന്ദ സ്മിതമുഖിയായിലോക-
പ്രതിബിംബംകണക്കിതാ ശയിച്ചീടുന്നു.

---

## ൰ാ. വേനൽക്കാലം.

ദാരിദ്ര്യദാവാനലസന്നിപാത-
പ്രചണ്ഡഭീതിക്കടിപെട്ടലോകം
ഉഷ്ണാംശുവിൻതീവ്രകരാവമർദ്ദ-
ലീലാവിലാസത്തിലെരിഞ്ഞിടുന്നു. 1

ക്ഷാമക്കൊടുംകാളികരാളവക്ത്രം
വിടുത്തുസർവ്വം സഹയെക്ഷണേന
തന്നുള്ളിലാക്കുന്നതുകണ്ടുപേടി-
ച്ചുള്ളോജനംസന്തതമാത്തരാവു. 2

തത് ക്രൂരരാത്രിഞ്ചരിയാചരിക്കും
വേലയ്ക്കുമാറേററവതിന്നുതാനോ?
ആദിത്യനാശാവലയംമുഴക്കെ_
യംശുക്കളാൽചുട്ടുപൊടിച്ചിടുന്നു. 3

പ്രഭാതമന്ദാനിലനേററുജീവ-
ജാലംപ്രമോദംകലരുമ്പൊഴേയ്ക്കും
ബ്രഹ്മാണ്ഡമൊന്നായ് തപനൻതപിപ്പി-
ച്ചഹോ! മഹാപാപമിയററിടുന്നു. 4

അത്യച്ഛനാംദീധിതിമാലിതൻെറ
കരപ്രഹാരച്ചൂടുനീരൊഴുക്കിൽ
കിടന്നുനട്ടംതിരിയുന്നജീവി_
വ്രാതത്തിനാശയ്ക്കുതിരററുപോയോ? 5

പ്രശാന്തഗംഭീരമഹത്വമാളും
പ്രപഞ്ചമാധുര്യ്യവിലാസമെല്ലാം
ഉടച്ചുവാക്കുന്നതിനായിരിക്കാ-
മുത്സാഹമാക്കായതുനിണ്ണയിക്കാം. 6

തരംഗിണീമൗലികളാചരിച്ച
തീരാക്കളങ്കത്തിനുശിക്ഷപോലെ
ശരീരമിപ്പോഠംപൊരിയുന്നുകഷ്ടം!
കൈയിൽഫലംഹാ! കലികാലമല്ലേ. 7

ജലാശയംചുട്ടുകരിപ്പതിന്നോ
ജലാശയത്തിൽജലമസ്തമിച്ചു
ഏകന്റെദോഷംധരണീതലത്തിൽ
പരക്കമെന്നുള്ളതുസത്യമത്രേ. 8

നടന്നുപോകുംമനുജൎക്കുകാലു-
പൊള്ളുംശിരസ്സുംമുരടിച്ചുപോകും
പണ്ടത്തെയാചോലമരങ്ങളെല്ലാം
വെട്ടുന്നുവല്ലോവഴിവൃത്തിയാക്കാൻ. 9

കാറിൽക്കരേറിസ്സുഖംചരിക്കും
ചക്രേശരൎക്കത്ഭുതമീപ്രപഞ്ചം
കണ്ണിന്നുകാണാൻകഴിവെന്തു;സാധു-
രക്തംവിയൎപ്പാക്കിയതാരുകണ്ടു! 10

നിലങ്ങളിൽത്തിങ്ങിവളൎന്നിടുന്ന
നെല്ലിൻകതിർപ്പൊൻമണിമാലയാകെ
കൃഷീവലന്മാരുടെഹൃത്തുപോലെ
വാടിക്കരിഞ്ഞങ്ങനെനിന്നിടുന്നു. 11

വെണ്മാടമേറിപ്രിയയൊത്തുനന്നായ്
പ്രേമോക്തിയോതുന്നമനുഷ്യനുണ്ടോ?
ചണ്ഡാംശുവിൻതീക്ഷ്ണകരങ്ങളേററു
കഷ്ടപ്പെടുംസോദരനെസ്മരിപ്പൂ. 12

ആനന്ദവീചീനിചയത്തിലാണ്ടു
കാലംകഴിക്കുംയജമാനനുണ്ടോ?
പരീക്ഷ്യനാംപൊന്മണിമാനിനുള്ള
കാനൽജ്ജലത്തിൻകഥകണ്ടിടുന്നു. 13

ആഹാരനീഹാരവിനാശമാന്നും
പകർച്ചരോഗംപിടിപെട്ടുമിപ്പോൾ
ചാകുംജനത്തിൻകദനങ്ങളാരു-
കാണുന്നു;കാണുന്നതിനക്ഷിയുണ്ടോ? 14

ആബ്രഹ്മകീടംവഴിപോലെയെന്നും
പാലിച്ചിടുംവിശ്വനിയാമകങ്കൽ
പ്രാർത്ഥിക്കയല്ലാതെനമുക്കുതെല്ലും
ഗത്യന്തരംകാണ്മതിനൊന്നുമില്ല. 15

വിശ്വേശ!സച്ചിന്മയ!വിശ്വമൂർത്തേ!
വൈവശ്യമാളുന്നജഗത്തിനെല്ലാം
കാരുണ്യപീയൂഷകടാക്ഷവർഷം
പൊഴിച്ചുസാഫല്യമിയററിടേണം. 16

## ൧൧. മാതൃഭൂമി.

(നതോന്നത)

ധരണിതൻഗുണഗണ ശരണമാംമണിമാല്യം;
പരമതസഹിഷ്ണുത പരത്തുംഗന്ധം;
നരരെന്നിന്നൊരിയുന്ന നരകത്തിൽനിന്നുവേഗം
കരയടുപ്പിക്കുംദിവ്യ കനകദാമം;
സുരപുരിയെയുംതൻെറ സരണിയിൽമടുപ്പിക്കും
ചിരന്തനയശസ്സാളും ചിത്പ്രഭാധാമം;
ഹിമാചലംതൊട്ടുകന്യാകുമാരിതൻസീമയോളം
സമാശ്വാസമരുളുന്ന സരിത്പ്രവാഹം;
പതിനെട്ടുപുരാണത്തിൽ പ്പതിയുന്നധർമ്മങ്ങളും
ശ്രുതികളുംവിജയിക്കും ശ്രുതിനികേതം;
അനാരതമനാമയ ഘനാഘനസ്വനമേകും
സനാതനമതനാഡി; യഖിലനാഡി;
ജിനബുദ്ധപ്രഭൃതിക ളനഘസത്സുമതികൾ;
മനുവംശമണികൾതൻ മഹത്കേദാരം;
നിഗമത്തിൻകാതൽ;മർത്ത്യ സുഗതിക്കുദീപസ്തംഭം;
അഗണിതഗുണമാളും ഭഗവദ്ഗീത
കടുതരരണഭൂവിൽ കെടുതികളിയലാതെ
മടുമൊഴിവഴിയായി യരുളുംധാത്രി:

കുരുകുലപരിവൃഢൻ പുരുഷരിലണിമണി
നിരുപമധമ്മവേദി നിത്യവിശുദ്ധൻ
മുനികളുംപ്രണമിക്കും മനുകുലപിതാമഹൻ;
ജനനിയെന്നരുളുന്ന ജഗജ്ജനനി;
മറയവർമനതളിർ കറയില്ലാതാക്കുവാനായ്
കുറവററുപ്രയത്നിക്കും കുലകമനി;
മറയോനുംപരിശുദ്ധ പറയനും പരവനും
നിറകതിരരുളുന്ന നിത്യനികേതം;
ശുകശിബിരന്തിദേവ യുധിഷ്ഠിരവസിഷ്ഠാദി
പുകളെഴുംപുരുഷർതൻ പുലർജനനി;
മഹാകവികാളിദാസർ; മഹർഷിയാംവ്യാസദേവർ
മഹർഷിയാംമഹാകവി വാത്മീകിതാനും
അവതരിച്ചഖിലേശ സ്തവമോതിവിലസുവാൻ
പ്രവണതയാന്നവിശ്വ പ്രണയനിധി;
അധഃകൃതരായിലോകരധഃപതിക്കരുതെന്നു
വിധിക്കുന്നവിരുതേറും വിജ്ഞാനനിധി;
നരതതിയുയരുകിൽ പരമനിലെത്തുമെന്നു
പരതത്വമുരയ്ക്കുന്ന പരപ്രണയി;
ചരാചരമണിഗണം പരാപരതന്തുവിൽ
വിരാജിപ്പതെന്നതത്വം വിളിച്ചുചൊല്ലും
മഹാജനമണിമാലാ വിഹാരശ്രീകേളിരംഗം
മഹാത്മജിക്കിണങ്ങുന്ന മഹത്സവിത്രി;

മമജനനിയരുളിയ മഹനീയമാതൃഭൂമി
കമനീയരത്നഭൂമി വിജയിക്കുന്നു.

---

## ൧൨. അമ്മയ്ക്കു യശസ്സുതന്നെ.

ബ്രഹ്മാണ്ഡമൂശയ്ക്കകമത്ഭുതാഭാ-
സങ്കേതമാമിദ്ധരണീതലത്തെ
നന്നായടക്കിത്തരുണാരുണൻതൽ
കരാവലീകന്ദുകമാക്കിടുമ്പോൾ. 1

കീറിപ്പറിഞ്ഞുള്ളൊരുമുണ്ടുകൊണ്ടു
മാനംമറച്ചാത്തിവഹിച്ചുകൊണ്ടും
ധരാതലം സ്നേഹവിരാമമെന്ന
നിരാശയാലുള്ളുകരിച്ചുകൊണ്ടും. 2

ആഹാരമില്ലാതെമയങ്ങിടുന്ന
കൈക്കുഞ്ഞിനെക്കൈയിലെടുത്തുകൊണ്ടും
ഇടയ്ക്കിടയ്ക്കങ്ങനെനിന്നുനിന്നു
വിചാരമോരോന്നുവഹിച്ചുകൊണ്ടും. 3

പാദംമുതൽക്കുച്ചിവരെപ്പുതപ്പു
വഹിക്കകെംവീഴ്വതുപോലെ കഷ്ടം!
പൊരിഞ്ഞുകണ്ണുംകരളുംവരണ്ടു
വരുന്നുനട്ടുച്ചയിലേകനാരി. 4

തൻമുന്നിലാനന്ദനികേതമായി
നരന്റെകണ്ണിന്നമൃതെന്നപോലെ
അലങ്കൃതിപ്രൗഢിയിലാണ്ടുകാണ്മൂ
വിശിഷ്ടമാംസുന്ദരമന്ദിരങ്ങൾ. 5

ഓരോഗൃഹത്തിൻപടിയിങ്കലോളം
കുമാരിമെല്ലെന്നുനടന്നുചെല്ലും
കണ്ടെങ്കിലുംകണ്ടതുപോലെയാരും
നിനയ്ക്കയില്ലായവളുംനടക്കും. 6

'ഭ്രാന്തിക്കുവേണോവടി'യെന്നുവീണ്ടും
ചോദിച്ചുകൊണ്ടാപണവീഥിനീളെ
ചുഴന്നുനിൽക്കുംചെറുബാലരാക്കും
ഭ്രാന്തിന്നുമാർഗ്ഗം വിളയിക്കുമല്ലോ. 7

കായുംകരൾത്തട്ടെഴമക്കുമാരി
കുഞ്ഞിൻമുഖംനോക്കിടുമാർത്തിയോടെ
അനന്തരംതൽഗൃഹജാലകങ്ങ-
ളോരോന്നുമേനോക്കിടു മാശയോടെ. 8

ഏവംനടന്നത്ഭുതകാന്തിചിന്തും
വെണ്മാടമൊന്നിൻനടയിൽക്കരേറി
വേഴാമ്പൽപോലായവളൊന്നുനോക്കി
യുഷ്ണാംശുവിൻഘോരകരം വെളിക്കും. 9

സ്ത്രീയെന്നു ചൊല്ലുന്നൊരുസത്വമേററ-
മട്ടക്കലുണ്ടായതിനെപ്രകാമം
കുമാരിയാൾനോക്കിയരാതിഭീതി
നൽകുംകരാളാക്ഷിയതുംവിശേഷം. 10

അമ്മേ! കനിഞ്ഞീയടിയാരിലല്പം
കഞ്ഞിക്കുകാരുണ്യമിയന്നിടേണം
രോഗാത്തനാ മിശ്ശിശുവാപൊളിച്ചു
വല്ലാതെ—അയ്യോ—വരളുന്നുനാവും. 11

ഒന്നാന്തരംസദ്യയുമുണ്ടുപിന്നെ-
ത്താംബൂലവുംവായിലടക്കിനന്നായ്
പ്രേമോക്തിയാൽവാണിട്ടമായവക്ക്
സാധൂക്തിയിൽസൗഹൃദമെങ്ങുകാൺമൂ. 12

മനോഹരാകാരവിശേഷമാന്ന
വിചാരധാരാനിഴലിങ്കലൂടെ
വധൂവരന്മാരവർസഞ്ചരിച്ചു
തിരിച്ചതുംകേട്ടതുമൊപ്പമായി. 13

“പോടീപുറത്താരുപറഞ്ഞുനിന്നെ
യിങ്ങോട്ടുകെട്ടിക്കഴവിങ്കലേററി
പരന്നഭ്രമിക്കകെമൊററവീടേ
നിനക്കുകാണാനിടയായതുള്ളോ? 14

കൈയുണ്ടുകാലുണ്ടുതടിച്ചദേഹ-
മൊന്നുണ്ടുകണ്ണുണ്ടുയിരുണ്ടുനന്നായ്
കുഞ്ഞുങ്ങളുംവേണ്ടതുകാണ്മതുണ്ടു
വേലയ്ക്കുപോവാൻകഴിവേതുമില്ല. 15

നാട്ടിന്നുനാശത്തിനുകാപ്പുകെട്ടി-
യോരോന്നിറങ്ങുന്നുവഴിക്കുനീളെ
കാലന്നുമീജാതിയെവേണ്ടകഷ്ടം!
പോയില്ലയോ? ഭൃത്യരൊരുത്തരില്ലേ! 16

അമ്മേ! കനി—ഞ്ഞിങ്ങനെവീണ്ടുമോതി-
പ്പെൺപൈതലാംവീണതുമുള്ളിൽനിന്നു
വാഗ്വജ്രമാപ്രാണിയിലാപതിച്ചു
ഞെട്ടററുപൊയ്പോയതുമൊട്ടുമായി. 17

മാതാവുമാപ്പൈതലു മൊന്നുപോലെ
സർവ്വംസഹക്കത്ഭുത ഭ്രഷ്ടയായി
പതിച്ചതന്നായതലോചനത്താൽ
വീക്ഷിച്ചുതൽക്കുഞ്ഞു കുതിച്ചുചാടി 18

ഓടിക്കിതച്ചായവർ വീണദിക്കി—
ലെത്തിസ്സരോജായത ലോലദൃക്കാൽ
നോക്കിപ്പരംഭീയൊടു കൂടിയമ്മേ!
അയ്യോ! ചതിച്ചോ!ഇതിഘോഷമോടെ. 19

വാവിട്ടുദീനം വിലപിച്ചതങ്ങു—
കേട്ടിട്ടുജായാധവരോടിയെത്തി
തൻകുഞ്ഞിനെക്കയ്യിലെടുത്തുകൊണ്ടു
കവാടവുംതട്ടിയടച്ചു പോയി 20

ബുദ്ധാദികൾക്കുള്ള മഹത് സവിത്രി!
യമ്മേ! ലസത് ഭാരതഭൂതധാത്രി!
നിന്മക്കളിന്നിങ്ങനെ വന്നതെന്തു
കൊണ്ടോ?ഇന്നിബ് ഭാവിയചിന്ത്യമത്രെ 21

അത്യുൽക്കടാഹങ്കൃതിയാണ്ടവന്നു
പ്രഹ്ലാദനെന്നാവിധമായവക്കും
കൈക്കുഞ്ഞുവന്നൊന്നുപിറന്നതായേ!
മൂശേട്ടയും ലക്ഷ്മിയുമൊന്നിലല്ലേ. 22

എന്നാലുമാജ്യേഷ്ഠയെയാരുമേതും
നോക്കാതെലക്ഷ്മീസവിധത്തിലെത്തി
കൊട്ടുന്നതാളത്തിനുതുള്ളിടുന്നു—
ണ്ടയതനമമ്മയ്ക്കുയശസ്സുതന്നെ. 23

---

# ൧൩. പ്രേമനിർവൃതി

(കാകളി.)

ശ്രീലമാമാകാശമാനന്ദദായകം
നീലച്ചപട്ടുനിരത്തിവിരിക്കവെ
താരകസൂനങ്ങൾ—സൗഭാഗ്യകന്ദങ്ങൾ
ആരതദീപങ്ങൾ—മിന്നിത്തിളങ്ങവെ
സുന്ദരമന്ദിരമന്ദാരനിഗ്ഗളൽ
ചന്ദ്രികാപീയൂഷമെങ്ങുംപരക്കവെ
മന്ദപവനമനോഹരവീജന
സന്ദഭ്മാനന്ദമേററംവളക്കവെ
കോകിലകാകളീകോലാഹലത്തിലു-
ള്ളാകുലമാകവെ നീക്കിരാജിക്കവെ
മാലതീസൂനപരിമളധോരണീ-
മാലയിലാരും മയങ്ങിയിരിക്കവെ
വാസന്തവേളയിൽ—പത്തരനാഴിക-
യാസന്നമാകിയ കോമളരാത്രിയിൽ
ചററുംനിറഞ്ഞ മലർപ്പന്തൽതന്നുടെ
മാറേററവുമുത്തമമദ്ധ്യമവേദിയിൽ
വെണ്മതിരണ്ടതാം മാർബിൾശിലാതല-
പ്പൊന്മണിമണ്ഡപമൊന്നിങ്കലേകദാ

കേരളസുന്ദരിമാർക്കു തിലകമായ്
ഭാരതചാരിത്രദേവതാലാസ്യമായ്
സൗഭാഗ്യദേവതാരംഗമായ് യൗവന-
ശോഭാനിലയമായ് വാഴുന്നസുന്ദരി

II.

മാമകജീവിതസർവ്വസ്വ;മത്ഭുത-
പ്രേമവികസിതസൂനമതല്ലിക;
കന്ദർപ്പസുന്ദരമംഗലവിഗ്രഹം;
സൗന്ദര്യസമ്പന്മണിമയമണ്ഡപം;
സാധുജനങ്ങളിൽ കാരുണ്യകല്ലോല
സാധർമ്മ്യസദ്ധർമ്മമേകുംഘനാഘനം;
മാനുഷരാജീമകുടമഹാമണി;
മാനാഭിമാനിയാം മൽപ്രിയൻ സൽപ്രിയൻ;
തന്മനോനാടകവേദിയിൽനിത്യവും
നന്മവരുത്താൻ നടിക്കും ഹരിജന-
നന്മയാം നാട്യത്തിലാസക്തിയാന്നിന്നു
കന്മഷനാശനൻ കാരുണ്യസാഗരൻ
ഭാസ്കരദേവനുദിച്ച സമയത്തു
സസ്മിതംപോയി; വരാത്തതെന്താണഹോ!
ഇന്നുമനസ്സിനു വല്ലാതെന്തൊരസ്വാസ്ഥ്യ-
മുന്നതമായിവളരുന്നുസർവ്വദാ

നേരവുമായിതാ താമസിച്ചീടുവാൻ
കാരണമെന്തെന്തറിയാൻകഴിയുമോ?
സന്ധ്യയ്ക്കുമൻപേവരേണ്ടതാണദ്ദേഹ-
മന്ധതാമേറുന്ന ചിത്തത്തിലോററവും
എന്നോടുചൊന്നസമയങ്ങൾ തെററുവാ-
നിന്നൊരുഹേതുവും കാണ്മതില്ലിപ്പൊഴും
ആരാന്തമെൻെറ കണവനൊരിക്കലും
തീരാത്തൊരാപത്തു ചേർത്തുവോ? വല്ലതും?
ഏവംപലവിധമായവിചാരത്തി-
ലാവധൂമാലിക ലോലഹൃദന്തയായ്

## II.

പാരിന്നപാരംപ്രകാശംവരുത്തുന്ന-
താരമ്യഗാത്രിയാൾനോക്കുന്നു; നോക്കവെ
ദൂരത്തുകാണുന്ന വിദ്യുത്പ്രദീപങ്ങ-
ളാരതദീപം നിരത്തിയപോലവെ
ധാരാളമാളുകൾ കാണുന്നുമുന്നിലായ്
വാരാശിവീചീനിചയം കണക്കഹോ!
നാരീലലാമവിചാരപരിധിയി-
ന്നാരാണുരയ്ക്കുവാന്തുഴിയിലാളുകൾ
കഷ്ടം! കഠോരദുരിതസമീരണ-
ദുഷ്ടതാപൂർത്തിയിൽ മംഗലഗാത്രിയാൾ

ആടിക്കഴിഞ്ഞു ധരിത്രിയിലേററവും
വാടിത്തളൎന്നുപതിക്കുന്നു നോക്കുവിൻ!

## IV.

തന്നുംഗിചൈതന്യഹീനയായ്‌വീഴവേ
മന്നിന്നുമാണിക്കമായൊരുപൂരുഷൻ
കൈകൾക്കുള്ളിലാക്കി സ്ഫുരിക്കുന്നമെത്തമേൽ
സൽക്കാരകോമളദേഹംകിടത്തിനാൻ
നല്ലശരറാന്തൽകത്തുംമുറിക്കുള്ളി-
ലുല്ലസത്ശോഭനകല്യാണവിഗ്രഹം
കാണുവോർകണ്ണിന്നുഭാഗ്യംപുലത്തുന്ന
പൂണാരമാകിയ തന്നുീമണിമാല
പ്രജ്ഞാവിഹീനയായ് ജീവച്ഛവംപോലെ-
യജ്ഞാനമാഴ്ത്തിയ ഹൃദ്‌വല്ലിപോലവെ
നീണ്ടുനിവന്നതാ നന്നായ്‌ശയിക്കുന്നു
കണ്ടുനിന്നീടാൻ കഴിയാത്തമാതിരി
തത്സവിധത്തിങ്ക ലാലോലനിരണ്ണ
വത്സലവക്ത്രത്തിലാശയാനോക്കിയും
ഓരോവിചാരതരംഗപരമ്പരാ
ധാരയിലാശയം നന്നായിരുത്തിയും
വാഴുന്നുഗംഭീര ഹൃത്താരിലെപ്പൊഴു-
മാഴുന്നകാരുണ്യ പുഷ്കലവിഗ്രഹം

## V

ശീതോപചാരങ്ങളോരോന്നുചെയ്യവേ
ശാതോദരീമൗലി കൺതുറന്നീടിനാൾ
തൽക്കണ്ണിലാനന്ദബാഷ്പംപെരുകിയാ
സൽക്കാരമേകുന്ന കണ്ണിണകാൺകയാൽ
സസ്മിതം നാരീമണിമാലകാന്തനെ
വിസ്മിതസുസ്നിഗ്ധമോദത്തിലാഴ്ത്തിനാൾ
രണ്ടുഹൃദയങ്ങളാനന്ദസങ്കേത-
മാണ്ടുള്ളഹൃത്തുകൾ; ശോഭാനിലയങ്ങൾ
യൗവനധോരണി വായ്ക്കുംമനോഹര-
സൗവർണ്ണധാമങ്ങളത്ഭുതസത്മങ്ങൾ
പ്രേമപരിമളപുഷ്പം വിടുർത്തതിൻ
കോമളത്തേൻതുള്ളി പാരംനുകർന്നതേ

## VI

ശ്രദ്ധാപുരസ്സരമന്നൊരുദിക്കിങ്ക-
ലുദ്ധാരണക്രിയ വേണ്ടവിധത്തിലായ്
ചെയ്യവേയാഗ്രഹാസ്ഥിതികനൊരുത്തനാ-
വയ്യാത്തദുസ്ഥിതിയേകിയനുഗനിൽ
തൽക്ഷണംവേണ്ട ചികത്സകളേകിയ-
നാക്ഷീണപുണ്യം പുലരുന്നപൂരുഷൻ

തൻെറവസതിയിൽ കൊണ്ടുവരുന്നതു
തൻെറധവനെന്നു തെററിദ്ധരിച്ചവൾ
വീണുപോയ്; കോമളപ്രേമപരിണതി
താണിടാതെന്നും മനോഹരമാമധു
പൂരുഷനാരിമാരേവക്കുമത്ഭുത-
കാരണപൂരുഷൻ നൽകട്ടെനിത്യവും

## ൪൪. ഇരുന്നെഴുന്നേററപോൽ

(കാകളി)

വിശ്വാസമേവനു മെന്നുമരുളുന്ന
വിശ്വനിയാമക ലീലാവിലാസങ്ങൾ
ശാശ്വതമായി പ്രതിഷ്ഠിച്ചുവച്ചുള്ള
വിശ്രുതമാമി പ്രപഞ്ചസുധാത്ധരി
പാൽക്കടൽപോലെ പരന്നുകിടക്കുന്നു
പാക്കുകിൽമോദംവളരും വിധത്തിലായ്
ആനന്ദമേകും പ്രപഞ്ചപ്രഭാവങ്ങ-
ളാനർഘ്യശോഭാനിലയങ്ങളല്ലയോ?
ഗംഭീരമാകുമീ ലോകപ്പെരുംകടൽ
സംഭരിച്ചായതിന്നാഴത്തിലാഴ്ത്തിട്ടും
രമ്യമരതക രത്നജാലങ്ങളെ
സൌമ്യമകന്നെഴും ശ്രേഷ്ഠവസ്തുക്കളെ

കാർമേഘജാലംമറയ്ക്കു മൂഢക്കളെ
വൈമല്യതേജസ്സുടക്കും ഘടങ്ങളെ
നോക്കാതെദ്ദൂരെയെറിയുന്ന നമ്മുടെ
തത്കാലജാഡ്യം പറയാവതല്ലഹോ!

ലോകാഭ്യുദയംവരുത്തുമവയ്ക്കുള്ള
മൂകതപമങ്ങനെന്നിൽക്കാൻപണിപ്പെട്ടും
മാനുഷരായതിൻപാപപരിഹാരം
ദീനവിനാശമഹാപരാധംപരം

എങ്ങനെതിക്കുന്നു? തീർത്താലതുതീരെ
നീങ്ങുമോ? നീക്കാതെയൊക്കുമോ? കൂട്ടരെ!
ഏററമകലെക്കിടക്കുംമണികളാ-
ലററമററുള്ളമനസ്സുഖമെപ്പൊഴും

നന്നായനുഭവിച്ചാനന്ദസൗധത്തി-
ലിന്നാമിരിക്കുന്നു; തേജോനിധികളോ?
സന്തോഷമാളാതെസന്താപമെപ്പൊഴും
വൻതോൽവിയോടെവരിക്കുന്നുകാണുവിൻ!

ആയവതേച്ചുമിനുക്കിമിനുക്കിനാ-
മായാസമെന്നിയെനന്നായണിയുകിൽ
സർവ്വദാസന്തോഷമേററംവളർത്തുമാ
സർവ്വമനോഹരസദ്ഗുണജാലങ്ങൾ

ഉല്ലാസമോടെയതുകൊണ്ടുവേഗമാ-
യെല്ലാവരുംദ്ദൂരെമാററുംമണികളെ

നന്നായടുപ്പിച്ചുവിശപ്പംവിളക്കുവാൻ
പിന്നെയാമെന്നുനിനയ്ക്കാതിരിക്കുവിൻ!
ആയവനമ്മോടുകൂടിലസിക്കുവാ-
നായപോലെവേലചെയ്യുവിനെപ്പൊഴും
എന്നാലുലകമിരുന്നൊഴന്നേററപോ-
ലൊന്നോട്ടുകൂടെയുയരുമുടനുടൻ.

---

## ൧൫ ഹിമവാൻ.

സനാതനാനന്ദപതാകനിത്യം
പറത്തിലോകാഭ്യുദയംവരുത്തും
ഇൻഡ്യാമഹീമണ്ഡലഭാഗ്യരാശി
ഹിമാലയൻമംഗലമാഗ്ഗ്ദായി. 1

പരാശ്രയത്തിൽപ്പുലരാതെസവ്-
വശീകൃതാശേഷവിലാസിയായി
നിവന്നയന്നങ്ങനെനിന്നിടുന്നു
നിതാന്തരത്നപ്രഭവംകണക്കെ. 2

ചുററുംനിരന്നുള്ളശിരസ്സുപൊക്കി
നോക്കുന്നുനന്നായ് ഭുവനംമുഴക്കെ
അധമ്മജാലങ്ങളകററിടാനായ്
സൂക്ഷിച്ചിടുംഭൂപതിയെന്നപോലെ 3

തന്നോടുതുല്യൻധരണീതലത്തി-
ലില്ലെന്നറിഞ്ഞിട്ടുമവൻമഹാത്മാ
നമ്മൾക്കുഭാഗ്യംവളരുന്നതിന്നായ്
പ്രയത്നമെന്നുംതുടരുന്നുനന്നായ്. 4

കാട്ടാളജാതിക്കിഴവക്കുമൊപ്പം
മഹഷിമാക്കുംതുണയേകിടുന്നോൻ
സവ്ത്രമോദംവിളയിപ്പതിന്നായ്
സമത്വമാളുന്നുവിശിഷ്ടസത്വൻ. 5

ആബ്രഹ്മചണ്ഡാലമരാതിഭേദം
ഗണിച്ചിടാതാരിലുമൊന്നുപോലെ
ഗുണങ്ങളേകുന്നുകുലാഭിമാനി
ഗുരുക്കളുംകണ്ടുപഠിപ്പതിന്നായ് 6

പുഴുക്കളുംമത്സരമെന്നുമേറും
മനുഷ്യരുംതമ്മിലവന്നുഭേദം
ഒരിക്കലുംകണ്ണിനുകാണ്മതില്ല
ഗുണോൽക്കരൻമൈത്രിയൊടുല്ലസിപ്പൂ. 7

കൃഷിക്കുവേണ്ടുന്നവളങ്ങളേകി-
ക്കൃഷീവലക്കാശവളത്തിടുന്നു
മഹഷിമാക്കാത്മനിദർശനങ്ങൾ
മഹത്വമോടെപ്പൊഴുമേകിടുന്നു. 8

ഉല്ലേഖ,മുല്ലാസ,മുയർച്ച,ജീവ,-
നുത്സാഹ,മൗന്നത്യ,മനല്പഹർഷം
മഹാകവീന്ദ്രക്കിവനൽകിമോദം
മനുഷ്യരാശിക്കുളവാക്കിടുന്നു. 9

സുഖിക്കുഹർഷം, ശിശുവിന്നുവിദ്യ,
രോഗിക്കുനല്ലൗഷധമാർത്തിഹാനി
എന്നല്ലവേണ്ടുന്നതുവേണ്ടപോലെ
കൊടുത്തിടുന്നത്ഭുതവൃത്തിശാലി 10

ചണ്ഡാംശുലോകാർത്തിവരുത്തിടുമ്പോൾ
ഹിമാലയൻശീകരധാരയാലെ
ഭക്താന്തരംഗംകുളിരുംപടിക്കു
സവാഭിഷേകങ്ങൾനടത്തിടുന്നു. 11

ഔന്നത്യമേറുന്നശിരസ്സുമേററ-
മാഴംപെടുന്നാഴിയുമൊത്തുകൂടി
വർത്തിപ്പതിന്നാശയൊടെപ്പൊഴുംഹാ!
സന്ദേശധാരാവലിയേകിടുന്നു. 12

മൈനാകമാംതന്മകനെപ്രഹർഷ-
മധഃസ്ഥിതാഴിക്കുപദേശമേകാൻ
അയച്ചു; പുത്രൻപുരുഷോത്തമൻപോയ്
വരാതെയബ്ധിക്കിൽവസിച്ചിടുന്നു 13

തൽപുത്രിമാരെപ്രണയാതിരേക–
സമ്പന്നമാരാക്കിമഹാനുഭാവൻ
സരിത്പതിക്കേകിമഹത്പ്രഭാവ-
സംബന്ധിയാക്കിഭ്ഭുവനംവിളക്കി. 14

ഉയച്ച്യയുംതാഴ്ച്ചയുമൊത്തുചേൎന്നി-
ട്ടല്ലാതെയില്ലിന്നുലകത്തിലെങ്ങും
എന്നുള്ളതാംതൻപ്രകൃതിക്കുമാററം
വരുത്തിടുന്നില്ലവനൊന്നുകൊണ്ടും. 15

മഹത്വമേറുംമഹനീയസത്വൻ
കാണിക്കുമീമാൎഗ്ഗമശേഷവശ്യം
കണ്ടത്ഭുതംപൂണ്ടുമനുഷ്യവൃന്ദം
പഠിച്ചുവേണ്ടുന്നതുചെയ്തിടട്ടെ. 16

ശുഭം.

X I
J. 89

# ഗ്രന്ഥകൎത്താവിന്റെ കൃതികഠം.

---

വില്പാൻ തയാർ! വില്പാൻ തയാർ!

1. ശ്രീവിഷ്ണുപാദാദികേശാന്തവൎണ്ണനസ്തോത്രം സവ്യാഖ്യാനം അണ 8
2. ബോധനമാലിക (പ്രഥമഭാഗം) അണ 4
3. ശിവരാത്ര്യുത്ഭവം (തുള്ളൽ) അണ 3
4. കവിതാമഞ്ജരി (പ്രഥമഭാഗം) അണ 4

പുലിയന്നൂർ എസ്സ്. രാമയ്യർ
പാലാ.

DC Library
*00004213*
T61 R14

T61
R14